**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 118** **08-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നൽകിയ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് അധികാരമേറ്റ ശേഷം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ. മാർക്ക് രാവിലെ എട്ടുമണി മുതൽ നിർബന്ധമായും ഇത്ര പെറ്റി കേസുകൾ വീതം റജിസ്റ്റർ ചെയ്ത് കേസെടുക്കണമെന്ന നിർദ്ദേശം നൽകിയിരുന്നുവോ; വിശദമാക്കാമോ; | (എ) | ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അനുപ്രകാരം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്ത് പൊതുജനങ്ങളെ പ്രയാസപ്പെടുത്തുന്നതായ പരാതി ലഭിച്ചിരുന്നുവോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അപ്രകാരം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഡി.ജി.പി. യുടെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്യുന്നതെന്ന് പരാതിക്കാരോട് മലപ്പുറം പോലീസ് സൂപ്രണ്ട് വെളിപ്പെടുത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിജസ്ഥിതി വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ട്രാഫിക് നിയന്ത്രണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഹോം ഗാർഡുകൾ ഇത്തരം പെറ്റി കേസുകൾ എടുക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉത്തരം (സി) യിൽ ചേർത്തിരിക്കുന്നു. |
| (ഇ) | തിരൂരങ്ങാടി, പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഹോം ഗാർഡുകൾ ആണ് പെറ്റി കേസുകൾ എടുക്കുന്നത് എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഇ) | ഇപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല. |
| (എഫ്) | ഹോം ഗാർഡുകൾ കേസ് എടുക്കുന്നതിന് മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | അനുവാദം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ